"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി നിയമിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിക്ക് സാധൂകരണം നൽകി, പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റ് ആയി 31.03.2026 വരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(കൈ) നം.120/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 06.06.2024 തീയതിയിലെ No. A1/11/2024-SEC നമ്പർ നടപടിക്രമം.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 20/02/2025,24/05/2025-ലെA1/11/2024-SEC നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. എം. ഷാജഹാൻ 31.05.2024 -ന് സർവീസിൽ നിന്ന് വിരമിച്ച ശേഷം 06.06.2024 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ ശമ്പളവും മറ്റ് സേവന വേതന വ്യവസ്ഥകളും പിന്നീട് നിശ്ചയിക്കുമെന്ന ഉപാധിയിൽ കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം - 1 പ്രകാരം നിയമിച്ചിരുന്നു.

2) 20.09.2010 മുതൽ ശ്രീ. എം. ഷാജഹാൻ വിരമിക്കുന്നതുവരെ ഏകദേശം പതിനാല് വർഷത്തോളം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു എന്നും 2010, 2015, 2020 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തുന്നതിന് ശ്രീ. എം. ഷാജഹാൻ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ടെന്നും ശ്രീ. എം. ഷാജഹാൻ ഡീലിമിറ്റേഷൻ കമ്മീഷനിലും പ്രവർത്തിച്ചിട്ടുണ്ടെന്നും അതിനാൽ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൾട്ടന്റായി ശ്രീ. എം. ഷാജഹാനെ

നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ച്, തൂത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് മുൻ പഞ്ചായത്ത് സെക്രട്ടറി (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി പൂർത്തിയാകുന്നത് വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന അടിസ്ഥാനത്തിൽ അസിസ്റ്റന്റായി നിയമനം നൽകി കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിച്ച് നൽകുവാൻ പരാമർശം - 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൾട്ടന്റായി ശ്രീ. എം. ഷാജഹാനെ നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ചും, തൂത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് മുൻ പഞ്ചായത്ത് സെക്രട്ടറി (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ 31.03.2026 വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന അടിസ്ഥാനത്തിൽ അസിസ്റ്റന്റായി നിയമനം നൽകിയും കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിച്ച് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീ. എം. ഷാജഹാൻ, ലൈല മൻസിൽ, നഗരൂർ, ആൽത്തറമൂട് പി.ഒ, തിരുവനന്തപുരം, 695102.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്((ഇ.എം.2/93/2024/ത.സ്വ.ഭ.വ. തിയ്യതി: 10-07-2025)

ധനകാര്യ വകുപ്പ് (UO No. ഡെവ-4/186/2024-ധന(ഇ:2875985) തീയതി: 24-05-2025)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇ.എം.2/93/2024/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-07-2025 11:17:31

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.